# 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6000** **09-11-2021 - ൽ മറുപടിയ്ക്ക്**

### പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ മഴക്കെടുതിയിൽ സംഭവിച്ച നാശനഷ്ടങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ മഴക്കെടുതിയിൽ വീടും സ്ഥലവും മറ്റ് ജീവനോപാധികളും ഉൾപ്പെടെയുള്ളവയ്ക്ക് നാശനഷ്ടങ്ങൾ സംഭവിച്ച പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വിവര ശേഖരണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | വിവരശേഖരണം നടത്തിയിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ 28 വീടുകൾ പൂർണ്ണമായും, 16 വീടുകൾ ഭാഗീകമായും തകർന്നിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 2 കുടുംബങ്ങളുടെ വീടുകൾ പൂർണ്ണമായും നഷ്ടപ്പെട്ടിട്ടുണ്ട്. 42 കുടുംബങ്ങളുടെ വീടുകൾക്ക് സാരമായ കേടുപാടുകളും സംഭവിച്ചിട്ടുണ്ട്. 14 കുടുംബങ്ങളുടെ കൃഷിയും കൃഷിസ്ഥലവും നഷ്ടപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത വ്യക്തികൾക്കും കുടുംബങ്ങൾക്കും എന്തൊക്കെ സഹായങ്ങളാണ് നൽകാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | മഴക്കെടുതിയിൽ വീടും സ്ഥലവും മറ്റ് ജീവനോപാധികളും നഷ്ടപ്പെട്ടിട്ടുള്ളവരുടെ യഥാർത്ഥ നഷ്ടത്തിന്റെ മൂല്യം കണക്കാക്കുന്നതിനായി റവന്യൂ വകുപ്പ് മുഖാന്തിരം വിവരശേഖരണം നടന്നു വരുന്നു. ഇത്തരത്തിൽ ലഭ്യമാകുന്ന ആനുകൂല്യങ്ങൾ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് കൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ